മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2020 ഡിസംബർ 28

# വാർത്താക്കുറിപ്പ്

## പരീക്ഷകൾ മാറ്റിവച്ചു

ഡിസംബർ 29, 30, 31 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന വിവിധ എൽ.എൽ.ബി. പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/1366/2020)

ഡിസംബർ 29ന് ഉച്ചകഴിഞ്ഞ് നടത്താൻ നിശ്ചയിച്ചിരുന്ന ആറാം സെമസ്റ്റർ (2013 അഡ്മിഷന് മുൻപുള്ള പ്രവേശനം) ബിരുദ പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/1367/2020)

## പരീക്ഷ ഫലം

സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ 2020 ജനവരി, സെപ്റ്റംബർ മാസങ്ങളിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ. ഹിസ്റ്ററി, എം.എ. ആന്ത്രോപ്പോളജി(സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1368/2020)

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ 2020 ഓഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ ബിഹേവിയറൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ(പാർട്ട്ടൈം- സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1369/2020)

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ ബി.പി.ഇ.എസ്.(നാല് വർഷത്തെ ഇന്റഗ്രേറ്റഡ് പ്രോഗ്രാം-2019 അഡ്മിഷൻ റഗുലർ/2016, 2017, 2018 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ ജനവരി 12 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ 29 വരെയും 525 രൂപ പിഴയോടെ ഡിസംബർ 30 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഡിസംബർ 31 വരെയും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1370/2020)

രണ്ടാം സെമസ്റ്റർ ബി.പി.ഇ.എസ്.(നാലു വർഷത്തെ ഇന്റഗ്രേറ്റഡ് പ്രോഗ്രാം-2018 അഡ്മിഷൻ റഗുലർ/2016, 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ ജനുവരി 13 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ 29 വരെയും 525 രൂപ പിഴയോടെ ഡിസംബർ 30 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഡിസംബർ 31 വരെയും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1371/2020)

അഞ്ചാം സെമസ്റ്റർ ബി.പി.ഇ.എസ്.(2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷ ജനുവരി 14 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ 29 വരെയും 525 രൂപ പിഴയോടെ ഡിസംബർ 30 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഡിസംബർ 31 വരെയും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1372/2020)

## പ്രയോഗിക പരീക്ഷ

2020 നവംബറിൽ നടന്ന നാലാം വർഷ ബി.ഫാം പരീക്ഷയുടെ പ്രായോഗിക പരീക്ഷ ജനുവരി 14 വരെ പുതുപ്പള്ളി സിപാസ്, ചെറുവാണ്ടൂർ സിപാസ് എന്നിവിടങ്ങളിൽ നടക്കും.

(പി.ആർ.ഒ/39/1373/2020)

## എം.ജി. പി.ജി. പ്രവേശനം; എസ്.സി./എസ്.ടി. ഒന്നാം പ്രത്യേക അലോട്ട്മെന്റ്

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളജുകളിൽ ബിരുദാനന്തരബിരുദ പ്രവേശനത്തിന് എസ്.സി/എസ്.ടി. വിഭാഗത്തിനായുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഡിസംബർ 30ന് വൈകിട്ട് നാലിനം പ്രവേശനം നേടണം. സർവകലാശാലയ്ക്ക് നൽകേണ്ട ഫീസ് ഓൺലൈനായി അടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസൽ സാക്ഷ്യപത്രങ്ങൾ സഹിതം കോളജിൽ എത്തി ട്യൂഷൻ ഫീസടക്കം അടച്ചാണ് പ്രവേശനം നേടേണ്ടത്. നിശ്ചിത സമയത്തിനകം ഫീസ് അടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം കോളജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാകും. മുൻ അലോട്ട്മെന്റുകളിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽ താൽക്കാലിക പ്രവേശനം നേരിയവരടക്കം എല്ലാവരും നിശ്ചിത സമയത്തിനകം അലോട്ട്മെന്റ് ലഭിച്ച കോളജിൽ സ്ഥിരപ്രവേശനം നേടണം. സ്ഥിരപ്രവേശനം നേടിയില്ലെങ്കിൽ അലോട്ട്മെന്റ് റദ്ദാക്കപ്പെടും.

(പി.ആർ.ഒ/39/1374/2020)

## ഓൺലൈൻ കരിയർ ആപ്റ്റിറ്റിയൂഡ് ടെസ്റ്റ് പരിശീലനം ഉദ്ഘാടനം

മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെയും പൊതുവിദ്യാഭ്യാസ വകുപ്പ് വി.എച്ച്.എസ്.ഇ. വിഭാഗത്തിന്റെയും ആഭിമുഖ്യത്തിൽ വി.എച്ച്.എസ്.ഇ. കരിയർ മാസ്റ്റർമാർക്കായി സംസ്ഥാനതല ഓൺലൈൻ കരിയർ ആപ്റ്റിറ്റിയൂഡ് ടെസ്റ്റ് പരിശീലനം സംഘടിപ്പിക്കുന്നു. ജനുവരി ഒന്നുമുതൽ 16 വരെ നടക്കുന്ന പരിശീലന പരിപാടിയുടെ

ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ. ജീവൻബാബു അധ്യക്ഷത വഹിച്ചു.

യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ മേധാവി പ്രൊഫ. ടി.വി. തുളസീധരൻ, നാഷണൽ എംപ്ലോയ്മെന്റ് സർവീസ് ജോയിന്റ് ഡയറക്ടർ എം.എ. ജോർജ് ഫ്രാൻസിസ്, വിദ്യാഭ്യാസ വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ ഡോ. ഇ.ആർ. മിനി, സി.ജി.സി.സി. സംസ്ഥാന കോ-ഓർഡിനേറ്റർ എ. എം. റിയാസ്, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ജി. ജയശങ്കർ പ്രസാദ്, ഡെപ്യൂട്ടി ചീഫ് ആർ. ദീപു എന്നിവർ പ്രസംഗിച്ചു.

(പി.ആർ.ഒ/39/1375/2020)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് സോഷ്യൽ സയൻസിൽ 2020 അഡ്മിഷൻ എം.എ. ആന്ത്രോപ്പോളജി പ്രോഗ്രാമിൽ എസ്.സി./എസ്.ടി. വിഭാഗങ്ങളിൽ ഓരോ സീറ്റൊഴിവുണ്ട്. യോഗ്യരായ വിദ്യാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ഡിസംബർ 30ന് രാവിലെ 11ന് സ്കൂൾ ഓഫ് സോഷ്യൽ സയൻസ് ഓഫീസിൽ എത്തണം.

(പി.ആർ.ഒ/39/1376/2020)

**എ. അരുൺകുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ